കൊച്ചി തിരുവിതാംകൂർ സംയോജനം.

*345 MR. MOHAMMED MUSTA"A : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ ?

തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കുവാനുള്ള ആലോചനകളെപ്പറ്റി ഈ ഗവണ്മെൻറിനു ഇൻഡ്യൻ യൂണിയനിൽ നിന്നും അധികൃതമായി എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. MOHAMMED MUSTAFA : സ്റ്റേറ്റു മിനിസ്ട്രിയും ഇവിടത്തെ ഗവണ്മെൻറും തമ്മിൽ ഇക്കാര്യത്തെപ്പറ്റി എന്തെങ്കിലും എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : നടത്തിയിട്ടില്ല. അതിനാവശ്യവും ഉണ്ടായിട്ടില്ല.

MR. MOHAMMED MUSTAFA : അങ്ങിനെ ഒരു സംയോജനശ്രമം നടക്കുകയാണെങ്കിൽ അതിനുമുമ്പു ഇവിടുത്തെ അതിനനുകൂലമായ പൊതുജനാഭിപ്രായം ശ്രദ്ധിക്കുവാൻ ഗവണ്മെൻറു ശ്രമിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : ആ പ്രശ്നം ഉത്ഭവിക്കുമ്പോൾ യുക്തമെന്നു തോന്നുന്നതെല്ലാം ഗവണ്മെൻറു ചെയ്യും.

MR. ABDUL RAZAAK (*Nedumangad I—Muslim*) : Are Government aware of the impending visit of Mr. V. P. Menon?

HON'BLE MR. T. K. NARAYANA PILLAI : Government are not aware

MR. E. P. POULOSE (*Moovattupuzha III—General*) : കൊച്ചി പ്രധാനമന്ത്രി ഈയിടെ തിരുവനന്തപുരത്തു വന്നപ്പോൾ ഇതേപ്പറ്റി എന്തെങ്കിലും ആലോചന ഉണ്ടായിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : കൊച്ചി പ്രധാനമന്ത്രി തിരുവിതാംകൂർ ഗവണ്മെൻറുമായി യാതൊരു ആലോചനയും നടത്തിയിട്ടില്ല.

MR. A. P. UDAYABHANU : അങ്ങിനെ ഒരു സംയോജനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യത്തിനു് ഇവിടെ സാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

MR. MOHAMMED MUSTAFA : മി. വി. പി. മേനവന്റെ തിരുവിതാംകൂർ സന്ദർശനവും കൊച്ചി-തിരുവിതാംകൂർ സംയോജനവുമായി എന്തെങ്കിലും ബന്ധമുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : യാതൊരു ബന്ധവുമുള്ളതായി ഗവണ്മെൻറിനറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NESAMONY (*Vilavancode S. I. U. C*) Has the visit of the Governor of Madras anything to do with the Union?

HON'BLE MR. T. K. NARAYANA PILLAI : Not to the knowledge of Government.

MR. A. THANU PILLAI : ഇൻഡ്യാഗവണ്മെൻറും ഈ ഗവണ്മെൻറുമായി ഇതേ സംബന്ധിച്ച് എന്തെങ്കിലും എഴുത്തുകുത്തുകൾ നടന്നിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : നാളിതുവരെയില്ല.

MR. A THANU PILLAI : തിരുവിതാംകൂറിലെ ജനങ്ങളുടെ അഭിപ്രായം അറിഞ്ഞതിനുശേഷമേ ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തെങ്കിലും ഒരു നില സ്വീകരിക്കുകയുള്ളൂ എന്നൊരു ഉറപ്പു നൽകാൻ തയാറുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ആ പ്രശ്നം ഇപ്പോൾ ഉദിച്ചിട്ടില്ലാത്തതുകൊണ്ട് അതിനെപ്പറ്റി ഇപ്പോൾ ഒന്നും പറയുന്നില്ല.

MR. ABDUL AZIZ : സെൻട്രൽ ഗവണ്മെൻറിന്റെ ആർഡർ അനുസരിച്ച് പ്രവർത്തിക്കേണ്ട ഒരു പരിതസ്ഥിതിയല്ലേ നമുക്ക് ഇന്നു ഉള്ളത് ?

HON'BLE MR. T. K. NARAYANA PILLAI : മറ്റു രാജ്യങ്ങളുടെ ചരിത്രം നോക്കിയാൽ അതിൽ കുറെ അടിസ്ഥാനമുണ്ടെന്നുവേണം വിചാരിക്കാൻ.

MR. P. T. CHACKO (*Kottayam II—General*) : സ്റ്റേറ്റ്സിനെ സംബന്ധിച്ച എന്തെങ്കിലും ഒരു തീരുമാനം ചെയ്യുന്നതിനുമുമ്പ് സ്റ്റേറ്റ് മിനിസ്ട്രി സ്റ്റേറ്റുമായി ആലോചിക്കുന്ന പതിവില്ലേ ?

HON'BLE MR. T. K. NARAYANA PILLAI : ആലോചിച്ചും അല്ലാതെയും ചെയ്യുക എന്നു വരാം.

MR. V. GANGADHARAN NAIR (*Quilon III—General*) : സ്റ്റേറ്റ് മിനിസ്ട്രി വളരെ ആട്ടോക്രേറ്റിക്കായിട്ടാണ് തീരുമാനങ്ങൾ എടുക്കുന്നതെന്നാണോ പറയുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യം ഇതിൽനിന്നും ഉരുത്തിരിക്കുമെന്നു തോന്നുന്നില്ല.

MR. A. THANU PILLAI : സ്റ്റേറ്റ് മിനിസ്ട്രി ഇങ്ങിനെയുള്ള കാര്യങ്ങളിൽ സ്റ്റേറ്റ്സുമായിട്ട് ആലോചിക്കാതെയാണ് പ്രവർത്തിക്കുന്നതെന്നാണോ പറയുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : ആലോചിച്ചും പ്രവർത്തിക്കും ആലോചിക്കാതെയും പ്രവർത്തിക്കും.

MR. A. NESAMONY : Had this Government any consultation with Sri Shankar Rao Dev when he was here, in this matter ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI; This Government had no consultation on the question of the integration or merger in respect of Cochin and Travancore.

പോലീസുവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

*346. MR. THRIATHU KUNJITHOMMAN (*Moovattupuzha II—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പോലീസുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

പോലീസ് ഇൻസ്പെക്ടർമാരുടേയും, ഏ. എസ്. പി-മാരുടേയും, ഡി. എസ്. പി-മാരുടേയും സമുദായം തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. T. K. NARAYANA PILLAI: പോലീസു ഇൻസ്പെക്ടറന്മാരുടേയും, ഏ. എസ്. പി-മാരുടേയും, ഡി. എസ്. പി-മാരുടേയും സമുദായം തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. MANNAR GOPALAN NAIR: ഇനിയെങ്കിലും ഈ സമുദായം തിരിച്ചുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയാതിരിക്കുവാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI: ബഹുമാനപ്പെട്ട അംഗങ്ങൾ സമുദായം തിരിച്ചുള്ള ചോദ്യങ്ങൾ ചോദിക്കാതിരുന്നാൽ ഗവണ്മെൻറ് ഉത്തരം പറയാതിരിക്കാം.

സ്വന്തം ഭൂമി ഇല്ലാത്തവർ.

*347. MR. P. K. KUMARAN ASARI (*Meenachil-I—Kammala Reserved*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

സ്വന്തം ഭൂമിയില്ലാത്ത നിരവധി സാധുകുടുംബക്കാർ നമ്മുടെ നാട്ടിൽ ഉള്ളതുകൊണ്ട് അവർക്കു താമസസൗകര്യം ഉണ്ടാക്കിക്കൊടുത്തു അവരെ സഹായിക്കുന്നതിനു വല്ല പരിപാടിയും ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

HON'BLE MR. V. O. MARKOS:—ഒരു പരിപാടി ഗവണ്മെൻറിനുണ്ട്. പക്ഷെ ഇപ്പോൾ ആ പരിപാടി നടപ്പിലാക്കിയിട്ടില്ല. ഗവണ്മെൻറിനു അങ്ങനെ ചെയ്യണമെന്ന ആഗ്രഹമുണ്ട്. ചിലതു നടന്നുകൊണ്ടിരിക്കുകയാണു; പക്ഷെ പരിപൂർണ്ണമായ ഒരു പരിപാടി ഇതുവരെ കൈക്കൊണ്ടിട്ടില്ല.

MR. P. K. KUMARAN ASARI; ഗവണ്മെൻറിന്റെ കൈവശം ധാരാളം പുറംപോക്കു ഭൂമി ഉള്ളതുകൊണ്ടു അതു സാധുക്കൾക്കു വിട്ടുകൊടുക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

† *Vide* APPENDIX 'A'

LIBRARY ARCHIVES Kerala Legislative Assembly